# സൈബർ കുറ്റകൃത്യങ്ങൾ – മാർഗരേഖ

## രക്ഷാകർത്തൃബോധവൽക്കരണം

ആധുനിക സമൂഹത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഘടകമായി വിവരസാങ്കേതികവിദ്യ മാറിയിരിക്കുന്നു. ഇതിന്റെ ഉപയോഗം വർധിക്കുമ്പോൾ അദൃശ്യ തലങ്ങളിലിരുന്ന് ആസൂത്രിതമായി ഇത് ദുരുപയോഗം ചെയ്യാനുള്ള പ്രവണതയും കൂടി വരുകയാണ്. വിവരസാങ്കേതികവിദ്യയുടെ പഠനവും (ICT Learning) വിവരസാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള പഠനവും (ICT Enabled Learning) ഇന്നത്തെ വിദ്യാഭ്യാസത്തിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ല. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ടെലിവിഷൻ എന്നിവ നിത്യജീവിതത്തിൽ അനിവാര്യമായിക്കഴിഞ്ഞു. വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പഠനത്തിന്റെ ഭാഗമായിത്തന്നെ ഇത് ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ അനിയന്ത്രിതമായ ഉപയോഗം കൊണ്ട് ഉണ്ടാകുന്ന വ്യക്തിപരവും സാമൂഹ്യവും സാംസ്കാരികവുമായ പ്രശ്നങ്ങൾ ഏറെയാണ്. കൗമാരക്കാരായ കുട്ടികൾ ഇതിന്റെ ദൂഷിത വലയത്തിൽ വീഴാനുള്ള സാധ്യത വളരെ കൂടുതലാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയിൽ 'അഡിക്ഷൻ' ആകാനുള്ള സാധ്യത ഇത്തരക്കാരിൽ ഏറെയുണ്ട്. മൾട്ടിയൂസർ ഗെയിമുകൾ പലപ്പോഴും ചൂതു കളിപോലെയായി മാറാനുള്ള സാധ്യതയുണ്ട്. ചാറ്റിംഗ്, അശ്ലീലചുവയുള്ള വീഡിയോകൾ, സി.ഡി.കൾ (പോർണോഗ്രാഫി), അമിതമായി എസ്.എം.എസ് അയയ്ക്കൽ എന്നിവയും കൗമാരക്കാരായ കുട്ടികളെ ആകർഷിക്കുന്ന ഘടകങ്ങളാണ്. ഇതിലൊക്കെ അമിതമായ ആവേശം കാണിക്കുന്ന കുട്ടികൾ സമയത്ത് ആഹാരം കഴിക്കുന്നതിലും മറ്റ് ഗാർഹിക പ്രവർത്തനങ്ങളിലും വിമുഖത ഉള്ളവരായിരിക്കും. വിവാഹം, മരണം പോലുള്ള പൊതു ചടങ്ങുകളിൽ നിന്ന് ഇവർ വിട്ടുനിൽക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. ഇത്തരം കുട്ടികൾ ഇത് ഉപയോഗിക്കാനുള്ള അവസരം നഷ്ടപ്പെടുമ്പോൾ വല്ലാതെ അസ്വസ്ഥരാകുന്നതായി കാണാം. കമ്പ്യൂട്ടറിൽ താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെന്ന് തുറന്ന് പറയാത്തവരെയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം കുട്ടികൾ ക്രമേണ പഠനത്തിൽ പിന്നോക്കം പോകുന്നതായും കാണാം. പരിചയമില്ലാത്ത ആളുകളുമായി 'ചാറ്റിംഗ്' നടത്തുന്നതുമൂലം അപകടത്തിൽപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. പോർണോഗ്രാഫിയും അമിത അക്രമമുള്ളതുമായ വീഡിയോകൾ, സി.ഡി.കൾ എന്നിവ കാണുന്നത് കുട്ടികൾക്കിടയിൽ സർവ്വ സാധാരണമായിരിക്കുന്നു. ഇത്തരം സി.ഡി.കൾ കൈമാറുന്ന സംഘങ്ങൾ ഇന്ന് ധാരാളമുണ്ട്. ടെലിവിഷനിൽ വരുന്ന പ്രകോപനപരമായ പരസ്യങ്ങളും അശ്ലീലചുവയുള്ള ചിത്രങ്ങളും മൊബൈൽ, ഇന്റർനെറ്റ് എന്നിവയിൽ കൂടി പ്രചരിപ്പിക്കുന്ന കുട്ടികളും ഉണ്ട്. കുട്ടികൾ അപകടകരമായ ചില ബന്ധങ്ങളിൽ വീഴാൻ ഇത്തരം പ്രവർത്തനങ്ങൾ ഇടയാക്കുന്നുണ്ട്. ഇതിന്റെ ഭവിഷ്യത്ത് ഭാവിയിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഏറെയാണെന്ന് അവർ അറിയുന്നില്ല. ഇങ്ങനെ അയക്കുന്ന മെസേജുകളും ചിത്രങ്ങളും ഉപയോഗിച്ച് മറ്റുള്ളവർ കുട്ടികളെ ചൂഷണം ചെയ്യുന്ന പ്രവണത ഏറി വരികയാണ്. പല കുട്ടികളും ഇത്തരം പ്രവർത്തനങ്ങളിലെ അപകടങ്ങളെ കുറിച്ച് ബോധവാന്മാരല്ല.

## സൈബർ കുറ്റകൃത്യങ്ങൾ തടയാൻ
## രക്ഷാകർത്താക്കളും സ്കൂൾ അധികൃതരും ശ്രദ്ധിക്കേണ്ടത്

1. കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗത്തിന് നിശ്ചിതസമയം അനുവദിക്കുക. രക്ഷാകർത്താക്കൾ വീട്ടിൽ ഉള്ള സമയത്ത് മാത്രമേ കമ്പ്യൂട്ടർ ഉപയോഗിക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തുക. അധ്യാപകരുടെ സാന്നിദ്ധ്യത്തിൽ മാത്രമേ സ്കൂളുകളിലും ഇത് ഉപയോഗിക്കുന്നുള്ളൂ വെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. കമ്പ്യൂട്ടർ കുട്ടികളുടെ മുറിയിൽ വയ്ക്കാതിരിക്കുക, പൊതുഹാളിൽ വയ്ക്കുന്നതാവും ഉചിതം. കമ്പ്യൂട്ടർ സ്ക്രീൻ എല്ലാവർക്കും കാണാൻ പാകത്തിനായിരിക്കണം.
3. കഴിയുന്നിടത്തോളം കുട്ടികൾക്ക് മൊബൈൽ ഫോൺ വാങ്ങി കൊടുക്കാതിരിക്കുക. കൊടുക്കുന്നുണ്ടെങ്കിൽ തന്നെ ഫോൺ ചെയ്യാനും എസ്.എം.എസ് അയക്കാനും കഴിയുന്ന 'ബേസ് മോഡൽ' മാത്രം വാങ്ങി കൊടുക്കുക.
4. രക്ഷാകർത്താക്കൾക്ക് നിയന്ത്രിക്കാനും പരിശോധിക്കാനും കഴിയുന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ (Parental Control Software) ഇന്ന് ലഭ്യമാണ്. ഇത് ഉപയോഗിച്ച് കുട്ടികളുടെ കമ്പ്യൂട്ടർ ദുരുപയോഗം നിയന്ത്രിക്കാൻ കഴിയുന്നതാണ്.
5. രക്ഷാകർത്താക്കളും അധ്യാപകരും കഴിയുന്നിടത്തോളം കമ്പ്യൂട്ടർ സാക്ഷരത നേടുകയും കുട്ടികൾ ഇത് ഉപയോഗിക്കുന്നത് നിരീക്ഷിക്കുകയും ചെയ്യുക.
6. ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നൈതികത (Ethics) എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഉപയോഗത്തിൽ സത്യസന്ധത, വിശ്വാസ്യത, ധാർമ്മികത, സാമൂഹ്യപ്രതിബദ്ധത എന്നിവ പാലിക്കാൻ രക്ഷാകർത്താക്കളും അധ്യാപകരും കുട്ടിയെ പ്രേരിപ്പിക്കേണ്ടതാണ്. ഇന്റർനെറ്റ്, ചാറ്റിംഗ് എന്നിവയിൽ ആൾമാറാട്ടം നടത്തി പറ്റിക്കാതെ താൻ ആരാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഉപയോഗിക്കുന്നതാവും നല്ലതെന്ന് കുട്ടിയെ ബോധ്യപ്പെടുത്തേണ്ടതാണ്.
7. എസ്.എം.സ്, ഇ-മെയിൽ എന്നിവയിൽ ഒരിക്കലും മോശമായ ഭാഷയോ അശ്ലീല ഭാഷയോ തമാശയായിട്ട് പോലും ഉപയോഗിക്കുന്നത് കുറ്റകരമാണ്.
8. കുട്ടികൾ ഉപയോഗിക്കുന്ന മൊബൈലുകൾ രക്ഷാകർത്താക്കൾ ഇടയ്ക്കിടെ പരിശോധിക്കുകയും ഉള്ളടക്കം എന്തൊക്കെയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.
9. 'അരുതു'കളെ പൊതുവേ ഇഷ്ടപ്പെടാത്തവരാണ് കൗമാരക്കാർ. നിയമങ്ങൾ ലംഘിക്കാനുള്ള പ്രവണതയും ഇത്തരക്കാരിൽ കൂടുതലാണ്. ഇന്റർനെറ്റ്, മൊബൈൽ എന്നിവ തെറ്റായി ഉപയോഗിക്കാനുള്ള പ്രവണത ഇത്തരക്കാരിൽ കൂടുതലായിരിക്കും. അതുകൊണ്ട് മന:ശാസ്ത്രപരമായിട്ടു ആയിരിക്കേണം ഇത്തരം കാര്യങ്ങളിൽ കുട്ടികളെ സമീപിക്കാൻ.
10. അശ്ലീല സന്ദേശങ്ങൾ, ചിത്രങ്ങൾ എന്നിവ മറ്റൊരാൾ തന്റെ ഫോണിലേക്കോ കമ്പ്യൂട്ടറിലേക്കോ അയച്ചാൽ എന്താണ് ചെയ്യേണ്ടത് ? മറ്റൊരാളുടെ ഫോണിലേക്ക് താൻ ഇത് അയച്ചാൽ എന്ത് പ്രശ്നമുണ്ടാകും ? ഇതിന്റെ നിയമപരമായ പരിണിതഫലങ്ങൾ എന്തൊക്കെയാണ് ? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികളെ സഹായിക്കാൻ അധ്യാപകരും രക്ഷാകർത്താക്കളും ബാധ്യസ്ഥരാണ്.

11. അത്യാവശ്യഘട്ടങ്ങളിൽ കുട്ടികൾക്ക് വീടുമായി ബന്ധപ്പെടാൻവേണ്ടി 'കോയിൻ ബോക്സ് ഫോണുകൾ' എല്ലാ സ്കൂളുകളിലും ആവശ്യാനുസരണം സ്ഥാപിക്കുന്നത് നല്ലതാണ്.

12. അധ്യാപകരും കുട്ടികളും തമ്മിലും രക്ഷാകർത്താക്കളും കുട്ടികളും തമ്മിലും സൗഹൃദപരമായ ബന്ധം പുലർത്തണം. കുട്ടിയുടെ ഏതു കാര്യവും തുറന്നു പറയാനുള്ള തരത്തിൽ ഈ ബന്ധം വളർത്തിയെടുക്കേണ്ടതുണ്ട്.

13. അധ്യാപകർക്കോ രക്ഷിതാവിനോ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ സ്കൂൾ കൗൺസിലറുടെ സഹായത്താൽ പരിഹരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ നിയമപരമായ സഹായം തേടുന്നതിന് രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും പോലീസുമായി ബന്ധപ്പെടാവുന്നതാണ്.

14. അപരിചിതരിൽ നിന്ന് ഫോൺ കോളുകൾ നിരന്തരം വരുന്നതോ ആരോടെങ്കിലും കുട്ടികൾ ദീർഘനേരം സംസാരിക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ അത് രക്ഷാകർത്താവ് അന്വേഷിക്കണ്ടതാണ്.

15. വില കൂടിയ സമ്മാനങ്ങളോ മൊബൈൽ ഫോണുകളോ കുട്ടി വീട്ടിൽ കൊണ്ടു വന്നാൽ അത് എങ്ങനെ കിട്ടി ? എവിടുന്ന് കിട്ടി ? ആരാണ് കൊടുത്തത് ? എന്നൊക്കെ അന്വേഷിക്കേണ്ടതാണ്.

16. ഇന്റർനെറ്റിൽ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ ('ഫേസ്ബുക്ക്' പോലെയുള്ള സൈറ്റുകളിൽ) ഫാമിലി ഫോട്ടോ, കുട്ടിയുടെ ഫോട്ടോ, പോർണോ ഗ്രാഫിക് ഫോട്ടോകൾ, കുട്ടിയുടെ സ്വകാര്യ നിമിഷങ്ങൾ, അനാവശ്യമായ കമന്റുകൾ എന്നിവ അപ്‌ലോഡ് ചെയ്യുമ്പോൾ ഭാവിയിൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും കുട്ടികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

17. മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് അനുവാദമില്ലാതെ മറ്റുള്ളവരുടെ വീഡിയോ, ഫോട്ടോ എന്നിവ എടുക്കുന്നത് ശിഷാർഹമാണ്.

18. ഫേസ്ബുക്ക്, ഓർക്കുട്ട്, ട്വിറ്റർ തുടങ്ങിയ സോഷ്യൽ നെറ്റുവർക്കുകളിൽ പരിചയമില്ലാത്തവരുമായി ആശയവിനിമയം നടത്തുകയോ വ്യക്തിപരമായ വിവരങ്ങൾ കൈമാറുകയോ ചെയ്യരുത്.

19. രക്ഷകർത്താവിന്റെ സാന്നിദ്ധ്യമില്ലാതെ കുട്ടികൾ ഇന്റർനെറ്റ് കഫേകൾ, മറ്റ് വീടുകൾ എന്നിവിടങ്ങളിൽ ചെന്ന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം.

20. സ്കൂൾ അധികൃതർ ജില്ലയിലെ സൈബർസെല്ലുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

21. അശ്ലീല ചുവയുള്ള വാർത്തകളോ ചിത്രങ്ങളോ ഉപയോഗിക്കുകയോ മറ്റുള്ളവർക്ക് അയച്ച് കൊടുക്കുകയോ ചെയ്യരുത്.

22. മറ്റുള്ളവർക്ക് ശല്യം ഉണ്ടാകുന്ന തരത്തിൽ ഫോൺ ചെയ്യരുത്. അലോസരമുണ്ടാകുന്ന റിംഗ് ടോണുകൾ നിരുത്സാഹപ്പെടുത്തണം.

23. വാഹനങ്ങൾ ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപോഗിക്കരുത്.

24. സൈബർ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ക്ലാസ് അധ്യാപകനെയോ സ്കൂൾ കൗൺസിലറെയോ അറിയിക്കേണ്ടതാണ്. ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട സൈബർ സെല്ലിന്റെ സഹായം തേടാവുന്നതാണ്.

25. രക്ഷിതാക്കൾ അധ്യാപകന്റെ സഹായം തേടുമ്പോൾ അർഹമായ പരിഗണന നൽകി പ്രശ്നപരിഹാരം കാണേണ്ടതാണ്. അല്ലാത്ത പക്ഷം ക്ലാസ് അധ്യാപകർ പ്രഥമാധ്യാപകനുമായി ആലോചിച്ച് ബന്ധപ്പെട്ട ജില്ലയിലെ സൈബർ സെല്ലുമായി ബന്ധപ്പെടാവുന്നതാണ്.

സൈബർകുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രക്ഷാകർത്താക്കൾ അതു ഒളിച്ചുവയ്ക്കാതെ അടിയന്തിരനടപടികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതം. സ്വന്തം കുട്ടികളെ രക്ഷാകർത്താക്കൾക്ക് തന്നെ തിരുത്താൻ കഴിഞ്ഞില്ലെങ്കിൽ സ്കൂൾ അധികൃതരുടെ സഹായത്തോട്കൂടി ഇതിൽ നിന്നും രക്ഷപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

അപരിചിതർ തുടർച്ചയായി ഫോണിൽ വിളിച്ചു ശല്യപ്പെടുത്തുന്നതും എസ്.എം. എസ്. ഇ.മെയിൽ എന്നിവ അയയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടാൽ ഇതിന്റെ നിജസ്ഥിതി അറിയാൻ ശ്രമിക്കേണ്ടതാണ്. കുട്ടികളുടെ ഫോണിലോ കമ്പ്യൂട്ടറിലോ അശ്ലീലച്ചുവയുള്ളതോ ജാതിമത വൈരം വളർത്തുന്നതോ വ്യക്തികളെ അകാരണമായി തേജോവധം ചെയ്യുന്നതോ ആയ സന്ദേശങ്ങളും ചിത്രങ്ങളും വരുന്നുണ്ടെങ്കിൽ അതു സൈബർ കുറ്റകൃത്യങ്ങളാണ്. ഒരാളുടെ പാസ്‌വേഡ് ചോർത്തിയെടുക്കുകയോ മാറ്റുകയോ ചെയ്ത് ഡേറ്റ കോപ്പിചെയ്യുന്നതും തിരുത്തുന്നതും ഇല്ലാതാക്കുന്നതും കുറ്റകൃത്യം തന്നെയാണ്. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ എന്നിവ ഉപയോഗിച്ച് മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് കടന്നുകയറും വിധം സംഭാഷണം റിക്കാർഡ് ചെയ്യുന്നതും ചിത്രങ്ങൾ എടുക്കുന്നതും ഇതിന്റെ പരിധിയിൽ വരുന്നു. കുട്ടികളെ വഴിതെറ്റിക്കാൻ വേണ്ടി അശ്ലീലച്ചുവയുള്ള സാമഗ്രികളോ ചിത്രങ്ങളോ ഡൗൺലോഡു ചെയ്യുന്നതും പ്രസിദ്ധീകരിക്കുന്നതും കാണുന്നതും സൈബർ കുറ്റം തന്നെയാണ്.

മേൽ പറഞ്ഞസന്ദർഭങ്ങളിൽ രക്ഷകർത്താക്കൾ അടുത്തപോലീസ് സ്റ്റേഷനിൽ ബന്ധപ്പെടുകയോ അല്ലെങ്കിൽ **1090** എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. പോലീസ് സ്റ്റേഷനിൽ ബന്ധപ്പെടാൻ വൈമനസ്യമുള്ളവർ പോലീസിലെ സൈബർ ക്രൈം വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ **www.keraalapolice.org** എന്ന സൈറ്റിൽ (Contact us → Cyber cells) ജില്ലാ സൈബർ സെല്ലുകളുടെ ഇ-മെയിൽ വിലാസവും ഫോൺ നമ്പരും ലഭ്യമാണ്. കേരളാ പോലീസിന്റെ Child Helpline നമ്പർ ആയ **1098** എന്ന നമ്പറിലും പെൺകുട്ടികളുമായി ബന്ധപ്പെട്ട വിഷയമാണെങ്കിൽ **1091** എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്. ഇതിന് പുറമേ കേരളാ പോലീസിന്റെ മെസ്സേജ് സെന്ററിലേക്ക് (9497900000) എസ്.എം.എസ്.ആയും പരാതിപ്പെടാവുന്നതാണ്. സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് വിഭാഗം (SPC), സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി) എന്നിവരുമായും ബന്ധപ്പെടാവുന്നതാണ്. സ്കൂൾ അധികൃതർ, പി.ടി.എ/എസ്.എം.സി ഭാരവാഹികൾ, തദ്ദേശസ്വയംഭരണ പ്രതിനിധികൾ എന്നിവരുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കേണ്ടതാണ്.

# Cyber Cell Phone Numbers

| Sl.No | Unit | Telephone Number | Mobile | Email |
|---|---|---|---|---|
| 1 | Thiruvananthapuram City | 0471 2329107, 1090 | 9497975998 | cbrceltvm.pol@kerala.gov.in |
| 2 | Thiruvananthapuram Rural | 0471 2435066, 2303066 | | cybceltvmrl.pol@kerala.gov.in |
| 3 | Kollam City | | 9497960777 | cbrcelklm.pol@kerala.gov.in |
| 4 | Kollam Rural | 04742450168 | 9495434040, 9495207362 | cybcelklmrl.pol@kerala.gov.in |
| 5 | Pathanamthitta | 0468 2327914 | 9497961078, 9497976001 | cbrcelpta.pol@kerala.gov.in |
| 6 | Alappuzha | 0477 2230804 | 9497981288 | cybrcelalpy.pol@kerala.gov.in |
| 7 | Kottayam | 0481 2561304 | 9497976002 | cbrcelktm.pol@kerala.gov.in |
| 8 | Idukki | 0486 2232354 | 9497976003 | cbrcelidk.pol@kerala.gov.in |
| 9 | Kochi City | 0484 2382600 | 9497976004 | cbrcelekm.pol@kerala.gov.in |
| 10 | Eranakulam rural | 0484 2630238 | 9497976005 | cybcelekmrl.pol@kerala.gov.in |
| 11 | Thrissur City | | 9497962836 | cbrceltsr.pol@kerala.gov.in |
| 12 | Thrissur Rural | | 9497976006 | cybceltsrrl.pol@kerala.gov.in |
| 13 | Palakkad | | 9497976007 | cbrcelpkd.pol@kerala.gov.in |
| 14 | Malappuram | 0483 2738660 | 9497976008 | cbrcelmpm.pol@kerala.gov.in |
| 15 | Kozhikkode City | 0495 2720090 | 9497976009 | cbrcelkkd.pol@kerala.gov.in |
| 16 | Kozhikkode Rural | 0496 2523091 | 9497976010, 9497976043 | cybcelkkdrl.pol@kerala.gov.in |
| 17 | Wayanad | 04936 202525 | 9497976011, 9497976045 | cbrcelwynd.pol@kerala.gov.in |
| 18 | Kannur | 0497 2763332, 2763330, | 9497976012 | cbrcelknr.pol@kerala.gov.in |
| 19 | Kasaragode | 04994 220100 | 9497976013 | cbrcelksd.pol@kerala.gov.in |
| 20 | Hitech Cell | 0471-2721547 | | hitechcell.pol@kerala.gov.in |

**Legal provisions – Information Technology Act 2000 (amended in 2008)**

| Offence | Section of Law | Punishment |
|---|---|---|
| Hacking , changing of Passwords, copying of data, altering of data, removing of data, introducing virus, etc | 66 of ITA Act 2008 | Three years imprisonment or with fine up to 5 lakhs or with both |
| Sending offensive or false messages through communication service, etc | 66(A) of ITA Act 2008 | Three years imprisonment and with fine |
| Dishonestly receiving stolen computer resource or communication device | 66(B) of ITA Act 2008 | Three years imprisonment or with fine up to 1 lakh or with both |
| Identity theft | 66(C) of ITA Act 2008 | Three years imprisonment and with fine up to 1 lakh |
| Cheating by personation by using computer resource | 66(D) of ITA Act 2008 | Three years imprisonment and with fine up to 1 lakh |
| Violation of privacy (hidden camera cases) | 66(E) of ITA Act 2008 | Three years imprisonment or with fine up to 2 lakhs or with both |
| Publishing or transmitting obscene material in electronic form | 67 of ITA Act 2008 | (i) Three years imprisonment and fine up to 5 lakhs<br>(ii) Five years imprisonment and fine up to 10 lakhs<br>(For repeated crime) |
| Publishing or transmitting of material containing sexually explicit act, etc., in electronic form | 67(A) of ITA Act 2008 | (i) Five years imprisonment and fine up to 10 lakhs<br>(ii) Seven years imprisonment and fine up to 10 lakhs<br>(For repeated crime) |
| Browsing, Downloading, Publishing or transmitting of material depicting children in sexually explicit act, etc., in electronic form (Under the age of 18 yrs) | 67(B) of ITA Act 2008 | 1. Five years imprisonment and fine up to 10 lakhs<br>2. Seven years imprisonment and fine up to 10 lakhs<br>(For repeated crime) |

ഡയറക്ടർ